**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.663 05.06.2018-ലെ മറുപടിയ്ക്ക്

## കായിക പരിശീലന കേന്ദ്രം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായിക പരിശീലനത്തിനും പ്രോൽസാഹനത്തിനും വേണ്ടി പുതിയ കായിക പരിശീലന കേന്ദ്രങ്ങൾ/അക്കാദമികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) & (ബി) | 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി" എന്ന പദ്ധതി പ്രകാരം അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ് റസ്ലിംഗ് എന്നീ ഇനങ്ങളിൽ തിരുവനന്തപുരത്തും, ബാഡ്മിന്റൺ എറണാകുളത്തും, കനോയിംഗ് & കയാക്കിംഗ്, കൊല്ലത്തും ഫെൻസിംഗ് കണ്ണൂരിലും, റോവിംഗ് ആലപ്പുഴയിലും, ആർച്ചറി വയനാട്ടും പരിശീലന കേന്ദ്രങ്ങൾ ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ പുതുതായി ഷൂട്ടിംഗ് അക്കാദമി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കായിക പരിശീലന കേന്ദ്രങ്ങൾ/അക്കാദമികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവ എവിടെയെല്ലാമാണെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | | |
| (സി) | പൊതു സ്റ്റേഡിയങ്ങൾ നിലവിലില്ലാത്ത നിയോജക മണ്ഡലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | കിഫ്ബി ധനസഹായത്തോടെ എല്ലാ ജില്ലകളിലും ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിയോജക മണ്ഡലം അടിസ്ഥാനത്തിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**